## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4244** **28-06-2024 - ൽ മറുപടിയ്ക്ക്**

### മയ്യിൽ ഗ്രാമ പഞ്ചായത്തിലെ മുല്ലക്കൊടി അംബേദ്കർ ഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ നിർവഹണം ഏൽപ്പിച്ച, മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുല്ലക്കൊടി അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | ടി പദ്ധതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവഹണം ഏറ്റെടുക്കാൻ സാധിക്കില്ല എന്ന് രേഖാമൂലം അറിയിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടി ഉദ്യോഗസ്ഥരുടെ നടപടി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നുള്ള വീഴ്ചയായി കണക്കാക്കി നടപടികൾ സ്വീകരിക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷം വാർഷികപദ്ധതിയുടെ അവസാനഘട്ടത്തിലാണ് പട്ടികജാതി വികസന ഓഫീസറിൽ നിന്ന് ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്നിർദ്ദേശം നൽകിയത്. മയ്യിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് എഞ്ചിനീയർ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ കൂടാതെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെയും അധികച്ചുമതല നിർവഹിച്ചിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പ് അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കാനാകുമോയെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റൻറ് എഞ്ചിനീയർ ആരാഞ്ഞിരുന്നു. നിലവിൽ പ്രസ്തുത ഉദ്യോഗസ്ഥ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല ഒഴിയുകയുണ്ടായി. ടി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നിർവ്വഹണം പ്രസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ നടത്താമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി മയ്യിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം തന്നെ നിർവഹിക്കുന്നതിന് നിർദേശം നൽകാമോ? | (സി) | ടി പദ്ധതിയുടെ എസ്റ്റിമേറ്റ് മയ്യിൽ ഗ്രാമപഞ്ചായത്ത്അസിസ്റ്റൻറ് എഞ്ചിനീയർ തയ്യാറാക്കി പദ്ധതിയുടെ നിർവ്വഹണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ